കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്

## 2015-16

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-പികെഡി8/904/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി-27.05.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
3. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), പാലക്കാട്
4. കാര്യാലയ പകർപ്പ്

നം . കെ.എസ്.എ-പികെഡി8/904/2017 തീയതി - 27.05.2017

## പാലക്കാട് ജില്ലയിലെ പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 20.12.2015 മുതൽ 13.02.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : കെ.കൃഷ്ണകുമാർ
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 14.2.17 മുതൽ 23.2.17 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | എസ്.പ്രേമാനന്ദ് | ഓഡിറ്റ് ഓഫീസർ |
| | വി.ടി.ഉഷാകുമാരി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | താരിഖ്.എം.എസ്. (22.2.17 മുതൽ 23.2.17 വരെ) | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഭാർഗ്ഗവി.കെ.പി. | 1.4.15 മുതൽ 31.10.15 വരെ |

| | | |
|---|---|---|
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.15 മുതൽ 18.11.15 വരെ |
| | ശ്രീമതി.ബിന്ദു.എം.പി. | 19.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | ശ്രീ. സി.വി.വിജയൻ | 1.4.15 മുതൽ 10.05.15വരെ |
| | ശ്രീ. നാരായണൻ | 11.05.15 മുതൽ 21.05.15വരെ (അഡീഷണൽചാർജ്) |
| | ശ്രീ. സി.വി.വിജയൻ | 22.05.15 മുതൽ 29.12.15വരെ |
| | ശ്രീമതി. ജോക്വിലിൻ ജോർജ്ജ് | 30.12.15 മുതൽ 01.02.16 വരെ- (അഡീഷണൽചാർജ്) |
| | ശ്രീ. മനോജിത്ത് പസന്ത് | 02.02.16 മുതൽ 31.03.16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | ശ്രീ.കെ.ജെ.കൃഷ്ണൻകുട്ടി | 1.4.15 മുതൽ 13.10.15 വരെ &<br>14.12.15 മുതൽ 31.3.16വരെ |
| | അനീഷ്.ജി.എസ് | 14.10.15 മുതൽ 13.12.15 |
| സി.ഡി.പി.ഒ. | ശ്രീമതി. മഞ്ജുഷ.വി. | 1.4.15 മുതൽ 31.3.16 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.ചന്ദ്രകുമാർ.കെ. | 1.4.15 മുതൽ 12.5.15 വരെ |
| | ശ്രീമതി.ശ്രീജ.കെ.എസ്. | 13.5.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., കോങ്ങാട് | ഡോ.മുരളീധരൻ.കെ.പി. | 1.4.15 മുതൽ 31.5.15 വരെ |
| | ഡോ.ബാലമണികണ്ഠൻ.കെ | 1.6.15 മുതൽ 29.11.15 വരെ |
| | ഡോ.ലീനാകുമാരി.എം.ആർ. | 30.11.15 മുതൽ 31.3.16 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ.ബഷീർ.പി.എ. | 1.4.15 മുതൽ 19.12.15 വരെ |
| | പി. മുരളീധരൻ | 20.12.15 മുതൽ 5.1.16 വരെ |
| | ശ്രീ.ബൈജു.കെ. | 6.1.16 മുതൽ 31.3.16 വരെ |
| ഡി.ഇ.ഒ. | ശ്രീമതി.ഇന്ദു.എം.കെ. | 1.4.15 മുതൽ 4.9.15FN വരെ |
| | ശ്രീമതി.ബിന്ദു.എൻ. | 4.9.15AN മുതൽ 17.11.15 വരെ |
| | ശ്രീമതി.മീന റസ്സൽ | 18.11.15 മുതൽ 31.3.16വരെ |

## ഉള്ളടക്കം

### ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | സാമ്പത്തിക വിശകലനം | 1(3) |
| 4 | ഫണ്ട് വിനിയോഗം | 1(4) |
| 5 | പദ്ധതി അവലോകനം | 1(5) |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(6) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സാംഖ്യ രസീതുകളുടെ ഉപയോഗം സംബന്ധിച്ച് | 2(1) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് | 3(1) |
| 2 | നിർവ്വഹണത്തിലെ പാളിച്ചകൾ കാരണം പദ്ധതി പ്രയോജനപ്പെട്ടില്ല | 3(2) |
| 3 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 3(3) |
| 4 | ബിറ്റുമിന്റെ വിലവ്യത്യാസം കണക്കാതെ ഫൈനൽ ബിൽതുക നല്കി- അധികം നൽകിയ തുക തിരിച്ചുപിടിക്കണം | 3(4) |
| 5 | പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനുള്ള പിഴ ഈടാക്കണം. | 3(5) |

| | | |
|---|---|---|
| 6 | പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനുള്ള പിഴ ഈടാക്കണം | 3(6) |
| 7 | പറളി പി.എച്ച്.സി. അറ്റകുറ്റപ്പണി- ഇൻസിനറേറ്റർ പ്രയോജനരഹിതം | 3(7) |
| 8 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ - പൊതുവായ വിവരങ്ങൾ | 3(8) |
| 9 | പാലക്കൽ പറമ്പ് കുടിവെള്ളപദ്ധതി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം | 3(9) |
| 10 | കോങ്ങാട് സി.എച്ച്.സി. അറ്റകുറ്റപ്പണിയിൽ വന്ന അപാകതകൾ പരിഹരിക്കണം | 3(10) |
| 11 | ഗുണഭോക്തൃ സമിതി മുഖേന പദ്ധതി നടപ്പാക്കുമ്പോൾ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 3(11) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 17.03.2015 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട | ലഭിച്ച | അപാകത | അപാകത |
|---|---|---|---|

| തീയതി | തീയതി | പരിഹരിക്കാൻ തിരിച്ചയച്ച തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 28.07.2016 | ബാധകമല്ല | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ബാധകമല്ല

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 50979613/-

വരവ് -157586902/-

ആകെ -208566515/-

ചെലവ് -152054988/-

നീക്കിയിരിപ്പ്- 56511527/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | തൻവർഷ ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 7186845 | 22058854 | 14000 | 29259699 | 29259699 | 0 | 0 | 100 |
| വികസന ഫണ്ട് എസ്.സി.പി. | 4465841 | 17288550 | 0 | 21754391 | 21754391 | 0 | 0 | 100 |
| വികസന ഫണ്ട് ടി.എസ്.പി. | 14000 | 86000 | 0 | 100000 | 86000 | 14000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1412165 | 3779507 | | 5191672 | 5191672 | 0 | 0 | 100 |
| കേന്ദ്രാവിഷ്കൃതം | 2382386 | 56976578 | 0 | 59358964 | 51032631 | 0 | 8326333 | 86% |
| ബി ഫണ്ട് | 0 | 1818600 | 0 | 1818600 | 1818600 | 0 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാ | പൂർത്തീ |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 96 | 66666646 | 87 | 55751772 | 1 | 9 | 90 |

## 1-7 തനത് വരുമാനം.

ബാധകമല്ല.

## 1-8 ക്ഷേമപദ്ധതികൾ

ഒന്നുമില്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

ബാധകമല്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

വിശദമായ ഓഫീസ് ഓർഡറിലൂടെ ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. എല്ലാ സെക്ഷനുകളിലും തൻപതിവേട് സൂക്ഷിക്കുകയും എല്ലാ മാസവും ഇത് എച്ച്.സി.യും സെക്രട്ടറിയും പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.01.16മുതൽ 13.02.16 വരെ | 01.04.15 മുതൽ 31.03.16 വരെ | 14.02.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.03.16 മുതൽ 21.03.16 വരെ | 01.09.2013മുതൽ 29.02.16 വരെ | 17.04.2016 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ രസീതുകളുടെ ഉപയോഗം സംബന്ധിച്ച്

പാലക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 2015-16 വർഷത്തിൽ സാംഖ്യ രസീതുകളുടെ സ്റ്റോക്ക്, ഉപയോഗിച്ച രസീതുകളുടെയും ബാക്കി രസീതുകളുടെയും എണ്ണം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഭൗതിക പരിശോധനയിൽ സാംഖ്യ രസീതുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞില്ല. നിലവിൽ ഇവിടെ സാംഖ്യ രസീത്

ഉപയോഗിക്കുന്നുമില്ല. ഇടപാടുകാർക്ക് മാന്വൽ രസീത് നൽകി പിന്നീട് 'ഇന്ററപ്റ്റഡ് റസീറ്റ് ' രീതിയിൽ തുക വരവിൽ ഉൾപ്പെടുത്തുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രിന്ററിൽ സാംഖ്യ രസീത് ഉപയോഗിക്കാൻ കഴിയുന്നില്ല എന്നാണ് ഇത് സംബന്ധിച്ച് ലഭ്യമായ മറുപടി. സ്റ്റോക്ക് -വിനിയോഗ വിവരങ്ങൾ രേഖപ്പെടുത്താത്ത സാംഖ്യ രസീതുകൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനും 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങളിലെ നിർദ്ദേശ പ്രകാരമാണ് പണമിടപാടുകൾ നടക്കുന്നത് എന്ന് ഉറപ്പു വരുത്താനും ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സംയുക്ത പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്

2015-16 സാമ്പത്തിക വർഷത്തിൽ സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ പ്രൊ.നം-93/16 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ രൂപീകരണം മുതൽ നിർവ്വഹണം വരെയുള്ള ഘട്ടങ്ങളിലെ അപാകങ്ങൾ കാരണം പദ്ധതി യഥാസമയം ലക്ഷ്യം നേടിയില്ല.പാലക്കാട് ബ്ലോക്ക് പരിധിയിലെ ഗ്രാമ പഞ്ചായത്തുകളുടെ ഈ ഇനത്തിലുള്ള സ്കോളർഷിപ്പിന്റെ ഭാഗമായി ബ്ലോക്ക് വിഹിതം നല്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അടങ്കൽ-630000 രൂപ പദ്ധതി വിഹിതം (ജനറൽ)

ചെലവ്- 630000 രൂപ

1. സംയുക്ത പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ GO(ms)362/2013/LSGD/ Dt.16.11.2013 പ്രകാരമുള്ള 12-ാം പദ്ധതി മാർഗ്ഗരേഖയുടെ ഭാഗമായി പുറപ്പെടുവിച്ചിട്ടുണ്ട്. അതു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.
2. സംയുക്ത പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച് അതാത് ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തുമായി കൂടിയാലോചിച്ച് ഗുണഭോക്താക്കളുടെ എണ്ണം, വകയിരുത്തേണ്ട തുക എന്നീ കാര്യങ്ങൾ തീരുമാനിച്ചതായി കാണുന്നില്ല.ഏതെല്ലാം ഗ്രാമ പഞ്ചായത്തുകൾക്ക് എത്ര വീതം തുക എന്നും എത്ര ഗുണ ഭോക്താക്കൾക്ക് വേണ്ടിയാണ് എന്നും ഉള്ള അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്താതെയാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതിക്ക് 630000 രൂപ വകയിരുത്തിയത്.
3. ഈ തുക 7ഗ്രാമ പഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്:

| ക്രമ നം | ഗ്രാമ പഞ്ചായത്ത് | വിതരണം ചെയ്ത തുക (രൂപ) | DD നം/തിയ്യതി |
|---|---|---|---|
| 1 | കേരളശ്ശേരി | 35500 | 274953/30.3.2016 |
| 2 | കോങ്ങാട് | 131250 | 274956/30.3.2016 |
| 3 | മണ്ണൂർ | 37500 | 274955/30.3.2016 |

| | | | |
|---|---|---|---|
| 4 | മുണ്ടൂർ | 81250 | 274954/30.3.2016 |
| 5 | മങ്കര | 46875 | 274958/30.3.2016 |
| 6 | പറളി | 100000 | 274957/30.3.2016 |
| 7 | പിരായിരി | 197625 | 274959/30.3.2016 |
| | ആകെ | 630000 രൂപ | |

ഗ്രാമ പഞ്ചായത്തുകൾ അവർ തയ്യാറാക്കി അംഗീകാരം ലഭിച്ച പദ്ധതിയുടെ വിവരങ്ങൾ സഹിതം തുക ലഭ്യമാക്കുന്നതിന് രേഖാമൂലം ആവശ്യപ്പെട്ടിരുന്നില്ല. അതുകൊണ്ട് വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നല്കിയ തുക തീരുമാനിച്ചതിന്റെ മാനദണ്ഡം എന്തായിരുന്നു എന്ന് വ്യക്തമല്ല.

4. 30.3.2016 ന് എടുത്ത ഡിമാന്റ് ഡ്രാഫ്റ്റുകൾ മുഖേനയാണ് തുക കൈമാറിയത്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം പറളി ഗ്രാമ പഞ്ചായത്ത് 6.4.2016 നം പിരായിരി ഗ്രാമ പഞ്ചായത്ത് 7.4.2016 നം മാത്രമാണ് ഡി.ഡി കൈപ്പറ്റി വരവ് വെച്ചത്. പ്രസ്തുത രസീതുകൾ പ്രകാരം ടി തുകകൾ 2016-17 സാമ്പത്തിക വർഷത്തേക്കുള്ള വരവായിട്ടാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. 30.3.2016 ന് എടുത്ത ഡിമാന്റ് ഡ്രാഫ്റ്റുകൾ മുഖേന ലഭിച്ച തുക 2015-16 ൽ വിനിയോഗിക്കാൻ കഴിയില്ല എന്നിരിക്കെ ഈ ധനവിനിയോഗം GO(ms)362/2013/LSGD/ Dt.16.11.2013 പ്രകാരമുള്ള 12-ം പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ല.

സംയുക്ത പദ്ധതികൾ ആവിഷ്കരിക്കുന്നതും നടപ്പിലാക്കുന്നതും മാർഗ്ഗരേഖയിലെ നിർദേശങ്ങൾക്ക് അനുസൃതമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 നിർവ്വഹണത്തിലെ പാളിച്ചകൾ കാരണം പദ്ധതി പ്രയോജനപ്പെട്ടില്ല

പ്രൊജക്ട് നം-100/16 ക്ഷീര വികസന ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഫർണിച്ചറും വാങ്ങൽ

അടങ്കൽ-200000 (MG-NR)

ചെലവ്-199900

ട്രഷറി ബിൽ നം 23/15-16/29.3.2016

അംഗീകൃത പദ്ധതിയിലെ ഇനങ്ങളിൽ നിന്ന് വ്യതിചലിച്ചാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. അംഗീകൃത പദ്ധതിയിൽ ഉണ്ടായിരുന്ന മേശ (5), കസേര (2), അലമാര (1), ലാപ്ടോപ്പ് കമ്പ്യൂട്ടർ (1) എന്നിവ നിർവ്വഹണ ഘട്ടത്തിൽ വാങ്ങിയില്ല. പദ്ധതിയിൽ ഉൾപ്പെടാത്ത ലേസർ പ്രിന്റർ 7600 രൂപക്ക് വാങ്ങുകയും ചെയ്തു. 35000 രൂപ നിരക്കിൽ വാങ്ങാൻ ഉദ്ദേശിച്ചിരുന്ന ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ (2എണ്ണം) നികുതി ഉൾപ്പെടെ 45000 രൂപ നിരക്കിലാണ് വാങ്ങിയത്. അംഗീകൃത പദ്ധതിയിൽ 8000 രൂപ വിലയുള്ള ഡിജിറ്റൽ ക്യാമറയാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ നികുതി ഉൾപ്പെടെ 25300 രൂപ വിലയുള്ള ഹാൻഡി ക്യാം ആണ് വാങ്ങിയിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെട്ട പ്രൊജക്ടറും സ്ക്രീനും 38800 രൂപ ചെലവിൽ വാങ്ങിയെങ്കിലും ലാപ്ടോപ്പ് കമ്പ്യൂട്ടർ വാങ്ങാതിരുന്നതിനാൽ പ്രൊജക്ടർ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയാണ്.

നിർവ്വഹണ ഘട്ടത്തിലെ പാളിച്ചകൾ മൂലം പ്രസ്തുത പദ്ധതി പൂർണ്ണമായി പ്രയോജനപ്പെട്ടില്ല. അംഗീകൃത പദ്ധതി പ്രകാരം തന്നെ പദ്ധതികളുടെ നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പ്രൊജക്റ്റർ ഉപയോഗശൂന്യമാകാതെ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

പ്രൊ.നം-102/16

തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി

അടങ്കൽ-500000

ചെലവ്- 500000

ട്രഷറി ബിൽ നം 22/15-16/19.3.16

പ്രസ്തുത പദ്ധതിക്കുവേണ്ടി 500000 രൂപ ഡി.ഡി നം-274495/19.3.2016 പ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-4 ബിറ്റുമിന്റെ വിലവ്യത്യാസം കണക്കാതെ ഫൈനൽ ബിൽതുക നല്കി- അധികം നൽകിയ തുക തിരിച്ചുപിടിക്കണം

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ ഇല്ലത്ത് പറമ്പ് സി.എച്ച്. നഗർ മെറ്റലിങ് ടാറിങ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനേക്കാൾ കുറഞ്ഞ വിലയിൽ ബിറ്റുമിൻ ലഭ്യമായിട്ടും വില വ്യത്യാസം കണക്കാതെ അവസാന ബിൽതുക നൽകിയതിനാൽ കൺവീനർക്ക് അധികം നൽകിയ രൂ:22317/- (ഇരുപത്തിരണ്ടായിരത്തി മുന്നൂറ്റി പതിനേഴ് രൂപ) ഉത്തരിവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റിന്റെ നമ്പർ/പേര്: 73/16: ഇല്ലത്തുപറമ്പ് സി.എച്ച്.നഗർ മെറ്റലിങ്ങ്, ടാറിങ്ങ് പൂർത്തീകരണം

സ്പിൽ ഓവർ (11/15)

അടങ്കൽ: രൂ:400,000/- (പ്ലാൻ - ജനറൽ) ചെലവ്: രൂ:400,000/- (ബിൽ നം.3/1.8.15)

കൺവീനർ: ജലീൽ. ടി.എസ്. എഗ്രിമെന്റ് നം.32/08.12.14
അളവു പുസ്തകം : 38/14-15

DSR 2013 പ്രകാരം ബിറ്റുമിന്റെ വില (VG-10): രൂ:54.54/Kg. {(40+0.106)*1.36)}

KSID Ltd ഇൻവോയ്സ് നം.10269/22.04.15 പ്രകാരം ബിറ്റുമിന്റെ വില (VG-10): രൂ:38.82/Kg

DSR 2013ലെ അധിക വില:15.72/Kg

അളവു പുസ്തകം 38/14-15 ലെ സാക്ഷ്യപ്പെടുത്തൽ പ്രകാരം ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ്: 1419.6845Kg

കൺവീനർക്ക് അധികം അനിവദിച്ച തുക: 1419.6845*15.72= 22317/-
ഓഡിറ്റ് അന്വേഷണം നം.4/16.02.2017 പ്രകാരം ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-5 പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനുള്ള പിഴ ഈടാക്കണം

കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും കരാർ പ്രകാരം പിഴ ഈടാക്കാത്തതിനാൽ ബ്ലോക്കു പഞ്ചായത്തിന് പിഴയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്തു ഫണ്ടിൽ അടവാക്കേണ്ടതാണ്.

കരാറുകാരനും നിർവ്വഹണ ഉദ്യോഗസ്ഥനും തമ്മിൽ ഏർപ്പെട്ട കരാറിന്റെ ഖണ്ഡിക 7 പ്രകാരം, അനുവദിച്ച സമയത്ത് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നില്ലെങ്കിൽ ആകെ അനുവദിച്ച സമയത്തിന്റെ 20% സമയം കൂടി പിഴ കൂടാതെ അനുവദിക്കാവുന്നതാണ്. ഈ സമയത്തും പൂർത്തിയായില്ലെങ്കിൽ ആദ്യത്തെ മൂന്നുമാസം 1% നിരക്കിലും തുടർന്നു വരുന്ന ഓരോ മൂന്നുമാസത്തിലും 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ നമ്പർ/പേര്: 77/16: ആഴ്ച്ചത്ത് ഭരതൻകുന്ന് SC കോളനി റോഡ് സോളിങ്, മെറ്റലിങ്ങ്, ടാറിങ്ങ്- കോങ്ങാട് ഗ്രാമ പഞ്ചായത്ത്. സ്പിൽ ഓവർ (47/15)

അടങ്കൽ: രൂ:650,000/- (പ്ലാൻ - SCP)

ചെലവ്: രൂ:564061/- (ബിൽ നം.6/31.07.15) അളവു പുസ്തകം നം: 62/14-15

കോൺട്രാക്ടർ: സ്വരൂപ്. എസ്

കരാർ തുക: രൂ:566800/-

കരാർ നമ്പർ:54/27.02.2015

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയ്യതി:31.03.15

യഥാർത്ഥത്തിൽ പൂർത്തീകരിച്ച തീയതി: 09.06.15
ആകെ ദീർഘിപ്പിച്ചു നൽകിയ കാലയളവ്: 69 ദിവസം

ഈടാക്കേണ്ട പിഴ: 566800*1%*69/90 :രൂ:4345/-

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.6/17.02.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-6 നിശ്ചിത സമയ പരിധി കഴിഞ്ഞ് മരാമത്ത് പണികളുടെ

## കരാർ ഒപ്പുവെക്കുമ്പോൾ നിയമാനുസൃതം പിഴ ഈടാക്കണം

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2009.5 പ്രകാരം ടെണ്ടർ സ്വീകരിച്ച് 14 ദിവസങ്ങൾക്കുള്ളിൽ എഗ്രിമെന്റ് വെക്കേണ്ടതും, ഈ സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാത്ത പക്ഷം അടുത്ത പത്ത് ദിവസങ്ങൾക്കുള്ളിൽ കരാർ തുകയുടെ 1% പിഴയോടുകൂടി കരാർ വെക്കാവുന്നതും, ഈ പരിധിയും കഴിഞ്ഞാൽ ഇ.എം.ഡി കണ്ടുകെട്ടി ആ കരാറുകാരനെ ഒഴിവാക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ തക്കസമയത്ത് എഗ്രിമെന്റ് വെക്കാതിരുന്നിട്ടും പിഴ ഈടാക്കാതെ അതേ കരാറുകാരനെതന്നെ പ്രവൃത്തി ഏൽപ്പിച്ചതായി കാണുന്നു. കരാർതുകയുടെ 1% നിരക്കിൽ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി രൂ: 15069/- (5668+9401)ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രോജക്ടിന്റെ നമ്പർ/പേര്: 77/16: ആഴ്ച്ചത്ത് ഭരതൻകുന്ന് SC കോളനി റോഡ് സോളിങ്, മെറ്റലിങ്ങ്, ടാറിങ്ങ്- കോങ്ങാട് ഗ്രാമ പഞ്ചായത്ത്. സ്പിൽ ഓവർ (47/15)

അടങ്കൽ: രൂ:650,000/- (പ്ലാൻ - SCP) ചെലവ്: രൂ:564061/- (ബിൽ നം.6/31.07.15)

കോൺട്രാക്ടർ : സ്വരൂപ്. എസ് കരാർ നമ്പർ:54/27.02.2015

അളവു പുസ്തകം നം: 62/14-15 കരാർ തുക: രൂ:566800/-

ടെണ്ടർ സ്വീകരിച്ച തീയതി : 25.12.14

പിഴയില്ലാതെ കരാർ ഒപ്പിടേണ്ട അവസാനതീയതി: 08.01.15

കരാർ ഒപ്പിട്ട തീയ്യതി : 27.02.15

ഈടാക്കേണ്ട പിഴ: 566800*1% : രൂ:5668/-

2.പ്രോജക്ട് നം.92/16: പാലക്കൽ പറമ്പ് കുടിവെള്ളപദ്ധതി പൂർത്തീകരണം - കേരളശ്ശേരി ഗ്രാമപ്പഞ്ചായത്ത്

അടങ്കൽ: രൂ:1014157/- (പ്ലാൻ - SCP) ചെലവ്: രൂ:95504/- (ബിൽ നം.50/31.03.2016)

കോൺട്രാക്ടർ : ശ്രീ.എച്ച്.നൂറുൽ ഹമീദ് കരാർ നമ്പർ:50/30.09.2015 (7.3% Below)

കരാർ തുക: രൂ:940124/-

ടെണ്ടർ സ്വീകരിച്ച തീയതി : 21.07.15

പിഴയില്ലാതെ കരാർ ഒപ്പിടേണ്ട അവസാനതീയതി: 21.08.15 (സെലക്ഷൻ ഓർഡർ പ്രകാരം)\കരാർ ഒപ്പിട്ട തീയ്യതി : 30.09.15

ഈടാക്കേണ്ട പിഴ: 940124*1% : രൂ:9401/-

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.6/17.02.17, 7/22.02.17 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-7 പറളി പി.എച്ച്.സി. അറ്റകുറ്റപ്പണി- ഇൻസിനറേറ്റർ പ്രയോജനരഹിതം

നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും രൂ:500000/- ചെലവഴിച്ച് നടപ്പാക്കിയ പ്രോജക്റ്റ് നം:89/16: പറളി സി.എച്ച്. സി. അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള ചെലവ് ഉൾപ്പെടുത്തിയിരുന്നു എങ്കിലും ടെണ്ടർ ഷെഡ്യൂളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള ചെലവ് ഒഴികെയുള്ള ഇനങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഇൻസിനറേറ്റർ സ്ഥാപിച്ചത് ഉൾപ്പെടെയുള്ള ഇനങ്ങൾക്കുള്ള തുക, രൂ:449841/- കരാറുകാരന് ചെക്ക് നം.278840/18.08.2015 പ്രകാരം കൈമാറിയിട്ടുണ്ട്. ഇൻസിനറേറ്ററിന്റെ വാങ്ങലുമായി ബന്ധപ്പെട്ട രേഖകൾ (ടെണ്ടർ പരസ്യം, ലഭിച്ച ടെണ്ടറുകൾ, താരതമ്യ പട്ടിക) ഓഡിറ്റ് അന്വേഷണം നം.6/17.02.107 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ഹാജരാക്കിയിരുന്നില്ല. ഫയലിൽ Sidcoയുടെ Proforma Invoice No.494/25.02.2015 പ്രകാരം ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള ചെലവ് രൂ:113,925 ആണ്. എന്നാൽ അളവുപുസ്തകം 60/14-15 പ്രകാരം ഇൻസിനറേറ്ററിന് രൂ:120750/- നൽകിയിട്ടുണ്ട്.

അധികം നൽകിയ രൂ:6825/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇൻസിനറേറ്ററിന്റെ പുകക്കുഴൽ അടുത്തുള്ള കെട്ടിടങ്ങളേക്കാൾ ഉയരം കുറവായതിനാൽ നിലവിൽ ഇൻസിനറേറ്റർ ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. ഇൻസിനറേറ്റർ നവീകരിച്ച് ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം രൂ:113,925/- ചെലവഴിച്ച് ആർജ്ജിച്ച ആസ്തി നിഷ്ക്രിയമാവും.

## 3-8 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ - പൊതുവായ വിവരങ്ങൾ

അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം: 82 (65 പുതിയതും 17 സ്പിൽ ഓവറും)

നടപ്പിലാക്കിയത് : 75 (58 പുതിയതും 17 സ്പിൽ ഓവറും)

അടങ്കൽ :38703795/-

ചെലവ് :30836855/-

ഗ്രാമപ്പഞ്ചായത്ത് 2015-16 ൽ തയ്യാറാക്കിയ പദ്ധതികളുടെ ആകെ അടങ്കലായ രൂ:66666646/-ന്റെ 58% അസിസ്റ്റന്റ് എഞ്ചിനീയറിനെയായിരുന്നു ഏൽപ്പിച്ചത്. ലഭിച്ച തുകയുടെ 80% തൻ വർഷം അസി.എക്സി.എഞ്ചിനീയർ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ പൊതുവായ അപാകതകളുടെ വിവരം ചുവടെ കൊടുക്കുന്നു.

1. 2015-16 വർഷം 43 പ്രവൃത്തികൾ ടെണ്ടർ ചെയ്തപ്പോൾ ലഭിച്ച 10 സിംഗിൾ ടെണ്ടറുകളിൽ ഒരെണ്ണം (ദീപ്തി മെഡിക്കൽ റോഡ് മെറ്റലിങ്ങ് & ടാറിങ്ങ്) മാത്രമാണ് റീ ടെണ്ടർ ചെയ്തത്. ബാക്കി ഒൻപതെണ്ണം സിംഗിൾ ടെണ്ടർ തന്നെ സ്വീകരിക്കുകയാണുണ്ടായത്.
2. 10%ൽ കുറവ് ടെണ്ടർ ക്വാട്ട് ചെയ്ത പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും അഡീഷനൽ പെർഫോമൻസ് ഗ്യാരണ്ടി ഈടാക്കിയതായി കാണുന്നില്ല. (GO(P)No.429/15/Fin/28.9.15

കാണുക)

3. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലല്ലാത്ത സാംസ്കാരിക നിലയങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും ഏറ്റെടുത്ത് നടത്തിയത് സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കാതെയാണ്.

4. പ്രോജക്ട് നം.50/16: വേദാന്താശ്രമം എസ്.സി.കോളനി റോഡ് എന്ന പ്രവൃത്തി 2016-17ലെ സ്പിൽ ഓവർ പ്രവൃത്തികളിൽ ഉൾപ്പെടുത്തിക്കാണുന്നില്ല.

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-9 പാലക്കൽ പറമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം

പ്രോജക്ട് നം.92/16: പാലക്കൽ പറമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം - കേരളശ്ശേരി ഗ്രാമപ്പഞ്ചായത്ത് എന്ന പ്രവൃത്തിയുടെ ടെണ്ടർ 21.07.15ന് സ്വീകരിച്ച് 21.08.15ന് മുൻപ് കരാർ വെക്കണമെന്ന് അസി.എക്സി.എഞ്ചിനീയർ കരാറുകാരന് നിർദ്ദേശം നൽകിയിരുന്നു എങ്കിലും കരാർ 30.09.15ന് മാത്രമാണ് ഒപ്പുവെച്ചത്. എന്നാൽ കരാർ വെക്കാൻ താമസിച്ചതിനുള്ള പിഴ ഈടാക്കിയതായി കാണുന്നില്ല. ഏഴ് മാസമായി കുടിവെള്ള വിതരണം മുടങ്ങിക്കിടക്കുന്ന പദ്ധതി പുനരാരംഭിക്കാനായി 1014157/- വകയിരുത്തി ആവിഷ്കരിച്ച പദ്ധതിക്കായി ആദ്യം നിർമ്മിച്ച കുഴൽ കിണറിൽ വെള്ളം കിട്ടാതെ ഉപേക്ഷിക്കേണ്ടി വന്നപ്പോൾ പദ്ധതി പാടെ ഉപേക്ഷിക്കുകയാണുണ്ടായത്. പദ്ധതിക്കായി ആകെ കുഴൽകിണറിനായി ചെലവഴിച്ച രൂ:95504/- (ബിൽ നം.50/31.03.2016) മാത്രമാണ് ചെലവഴിച്ചത്.

ഈ പദ്ധതി പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ അടിയന്തിരമായിസ്വീകരിക്കേണ്ടതാണ്.

# 3-10 കോങ്ങാട് സി.എച്ച്.സി. അറ്റകുറ്റപ്പണിയിൽ വന്ന അപാകതകൾ പരിഹരിക്കണം

കോങ്ങാട് സി.എച്ച്.സി. അറ്റകുറ്റപ്പണിക്കായി രണ്ട് പ്രോജക്ടുകൾ 2015-16 വർഷം നടപ്പാക്കിയിട്ടുണ്ട്. ഈ പ്രോജക്ടുകൾ നേരിട്ട് പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. 78/16: സി.എച്ച്.സി. അറ്റകുറ്റപ്പണി കോങ്ങാട്, എന്ന പദ്ധതി പ്രകാരം മെയിൻ റോഡിൽ നിർമ്മിച്ച ആർച്ച് ആകൃതിയിലുള്ള ബോർഡ് ഇപ്പോൾ ആശുപത്രി പരിസരത്ത് പാഴ്വസ്തുക്കൾ സൂക്ഷിക്കുന്നതിന് സമാനമായി ഇട്ടിരിക്കുകയാണ്. പ്രവൃത്തി പൂർത്തീകരിച്ച് ഒരു വർഷത്തിന് മുൻപു തന്നെ വൻതുക ചെലവഴിച് നിർമ്മിച്ച നെയിം ബോർഡ് ഉപയോഗശൂന്യമായത് സംബന്ധിച്ചും ഇതിൻമേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം നം.7/22.02.2017 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ബോർഡ് സ്ഥാപിച്ച് പ്രോജക്ടിന്റെ വിജയം ഉറപ്പാക്കി റിപ്പോർട്ട്

ചെയ്യേണ്ടതാണ്.

2. 64/16: കോങ്ങാട് സി.എച്ച്.സി.അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയിൽ ആശുപത്രിയുടെ മുറ്റം 417.45 ചതുരശ്ര മീറ്റർ ഇന്റർ ലോക്ക് ചെയ്തതിട്ടുണ്ട്. ഇതിൽ ഒരു ചെറിയ ഭാഗം ഇളകിക്കിടക്കുന്നുണ്ട്. ഒരുഭാഗം ഇളകിയാൽ ഇന്റർ ലോക്ക് മുഴുവൻ ഇളകി, ചെലവഴിച്ച തുകമുഴുവനും നഷ്ടമാവുന്ന സ്ഥിതിയാവാൻ സാധ്യതയുണ്ട്. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-11 ഗുണഭോക്തൃ സമിതി മുഖേന പദ്ധതി നടപ്പാക്കുമ്പോൾ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

74/16: പൂഴിക്കുന്ന് ആലക്കൽ പറമ്പ് SC റോഡ് മെറ്റലിങ്ങ്, പാർശ്വഭിത്തി- പിരായിരി,

46/16: ഹെൽത്ത് സെന്റർ കല്ലേക്കാട് - കള്ളിക്കാട് SC കോളനി റോഡ് കോൺക്രീറ്റ് എന്നീ പ്രവൃത്തികൾ ഗുണഭോക്തൃക്കമ്മറ്റി മുഖേന നിർവ്വഹിച്ചിട്ടുള്ളവയാണ്. ഈ പ്രവൃത്തികൾക്കായി സിമന്റ് വാങ്ങിയത് അംഗീകൃത വ്യാപാരികളിൽ നിന്നുമല്ല. ചെലവുകൾ ചെയ്യുന്നത് ചെക്ക് മുഖേനയാകണം എന്ന കരാറിലെ വ്യവസ്ഥയും പാലിച്ചിട്ടില്ല. ഗുണഭോക്തൃക്കമ്മറ്റി മിനുട്ട്സ് ബുക്കുകൾ പ്രകാരം രൂപീകരണ യോഗം മാത്രമേ നടന്നിട്ടുള്ളൂ. വരവ് ചെലവ് കണക്കുകൾ കമ്മറ്റിയെ അറിയിക്കുന്നില്ല.

ഗുണഭോക്തൃ സമിതി മുഖേന പദ്ധതി നടപ്പാക്കുമ്പോൾ ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2015-16 വർഷത്തിൽ സംയുക്ത പ്രൊജക്ടുകൾ ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2015-16 വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾ ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

2015-16 വർഷത്തിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 208566515/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 152054988/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 48556/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 22317/- | ശ്രീ.കെ.ടി.കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ |
| 3-5 | | 4345/- | ശ്രീ.കെ.ടി.കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-6 | | രു:15069/- | ശ്രീ.കെ.ടി.കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ |
| 3-7 | | രു:6825/- | ശ്രീ.കെ.ടി.കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ |
| ആകെ | | 48556/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഒന്നുമില്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.ടി.കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ്, പാലക്കാട് | കൃഷണഗീതം, കുന്നത്താഴത്ത്, ഷൊർണ്ണൂർ , പാലക്കാട് ജില്ല. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | നം.എൽ.എഫ്.പി.9/709/99/ | 0 |

| | | |
|---|---|---|
| 1996-97 | 14.9.99 | |
| 1997-98 | | |
| 1998-99 | നം.എൽ.എഫ്.പി.6/541/ 05/1.2.06 | 2 |
| 1999-2000 | നം.എൽ.എഫ്.പി.6/804/04/ 11.8.05 | 4 |
| 2000-2001 | നം.എൽ.എഫ്.പി.6/1354/07/ 31.12.07 | 8 |
| 2001-02 | നം.എൽ.എഫ്.പി.6/1355/07/ 31.12.07 | 4 |
| 2002-03 | നം.എൽ.എഫ്.പി.6/1356/07/ 31.12.07 | 6 |
| 2003-04 | നം.എൽ.എഫ്.പി.6/965/08/2.2.09 | 4 |
| 2004-05 | നം.എൽ.എഫ്.പി.6/966/08/2.2.09 | 3 |
| 2005-06 | നം.എൽ.എഫ്.പി.6/967/08/2.2.09 | 2 |
| 2006-07 | നം.എൽ.എഫ്.പി.6/968/09/2.2.09 | 11 |
| 2007-08 | നം.എൽ.എഫ്.പി8/1058/12/ 10.8.12/5.11.12 | 5 |
| 2008-09 | എൽ.എഫ്.പി8/1059/12/ 10.8.2012 | 4 |
| 2009-10 | നം.എൽ.എഫ്.പി.8/1060/12/ 10.8.09/5.11.12 | 0 |
| 2010-11 | നം.എൽ.എഫ്.പി.8/1147/13/ 1.4.14/ | 6 |
| 2011-12 | നം.എൽ.എഫ്.പി8/2220/14 /11.3.15 | 13 |
| 2012-13, 2013-14 & 2014-14 | നം.കെ.എസ്.എ-പികെഡി8/60/16/ 12.2.2016 | 21 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്